29290/2015

## കേരള സർക്കാർ

### സംഗ്രഹം

വനം വന്യജീവി വകുപ്പ് - പട്ടിക വർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്ന എല്ലാ പദ്ധതികളേയും ഉൾപ്പെടുത്തി 06.11.2010-ലെ സ.ഉ.(എം.എസ്.)78/2010/വനം നമ്പർ ഉത്തരവു ഭേദഗതി വരുത്തിയും പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ അവർ നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ വീടു പണിയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ. (എം.എസ്.)നം.42/2015/വനം തീയതി, തിരുവനന്തപുരം, 08.06.2015.

---

പരാമർശം :

1. 21.03.1996-ലെ സ.ഉ.(എം.എസ്.)28/96/വനം നമ്പർ ഉത്തരവ്.
2. 26.11.2009-ലെ സ.ഉ.(എം.എസ്.)52/2009/വനം നമ്പർ ഉത്തരവ്.
3. 06.11.2010-ലെ സ.ഉ.(എം.എസ്.)78/2010/വനം നമ്പർ ഉത്തരവ്
4. സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 01.03.2013-ലെ പ്രൊ(5)-7378/2009 നമ്പർ കത്ത്.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (E&TW)-ന്റെ 06.11.2014-ലെ E&TW2-1246/2007 നമ്പർ കത്ത്.

### ഉത്തരവ്

ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006 എന്നിവയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വനംവകുപ്പിൽ നിന്നും ഉപാധികളോടെ തടി അനുവദിച്ചു കൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. ഇന്ദിര ആവാസ് യോജന പദ്ധതിയടക്കമുള്ള സർക്കാർ ആവിഷ്ക്കൃത പദ്ധതികളുടെ ഗുണഭോക്താക്കളായ ആദിവാസികളെക്കൂടി പരിധിയിൽ ഉൾപ്പെടുത്തി മേൽ ഉത്തരവ് പരാമർശം മൂന്നു പ്രകാരം ഭേദഗതി വരുത്തിയിരുന്നു.

എന്നാൽ ദാരിദ്ര്യരേഖയ്ക്ക്, താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടു വയ്ക്കുന്നതിനായി സർക്കാർ പ്രഖ്യാപിക്കുന്ന /അനുവദിക്കുന്ന എല്ലാ പദ്ധതികളെയും ഉൾപ്പെടുത്തി 06.11.2010-ലെ ഉത്തരവ് ഭേദഗതി വരുത്തുന്നത് ഉചിതമായിരിക്കുമെന്ന് സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശം നാലിലെ കത്തു പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

2) കൂടാതെ സംസ്ഥാനത്ത് ആദിവാസി മേഖല പൊതുവിൽ നേരിടുന്നപ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ബഹു. മുഖ്യമന്ത്രി 14.10.2014 -ന് വിളിച്ചു ചേർത്ത വിവിധ ആദിവാസി സംഘടനകളുടെ യോഗത്തിൽ സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളായ ആദിവാസികൾക്ക് അവരുടെ കൈവശ ഭൂമിയിൽ നിന്ന് മരം മുറിക്കുവാൻ വനം വകുപ്പ് അനുവദിക്കുന്നില്ലെന്നും പരാതിപ്പെട്ടിരുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 2006-ലെ വനാവകാശ നിയമം അനുസരിച്ചു ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ അവർ നട്ടു വളർത്തിയതായ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ തുടങ്ങിയ വൃക്ഷങ്ങൾ പട്ടികവർഗ്ഗക്കാർക്കു വീടു പണിയ്ക്കായി 1.5cum തടി മുറിച്ചെടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഇ&റ്റി.ഡബ്ലിയു.) പരാമർശം (5)-ലെ കത്തുപ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(a) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയുള്ള ഇന്ദിര ആവാസ് യോജന തുടങ്ങി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന എല്ലാ പദ്ധതികളെയും കൂടി പരാമർശം മൂന്നിലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതാണ്.

(b) സംസ്ഥാനത്തെ സർക്കാർ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്കു വനാവകാശനിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ വീടു പണിയ്ക്കായി അവർ നട്ടു

പിടിപ്പിച്ച പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.5 cum തടി ബന്ധപ്പെട്ട വനം വകുപ്പ് റേഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.മാരപാണ്ഡ്യൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
✓അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഇ& റ്റി.ഡബ്ല്യു.), തിരുവനന്തപുരം.
ജനറൽ അഡ്മിനിസ്ട്രേഷൻ(എസ്.സി.) വകുപ്പ്. ((vide item No. 6832)
പട്ടികജാതി പട്ടികവർഗ്ഗ (ഡി) വകുപ്പ് (vide File No.24205/D2/14/പജപവവിവ)
ധനകാര്യ (അഗ്രി) വകുപ്പ് (vide File No. 48022/Agri.A1/14/Fin)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Chitra

സെക്ഷൻ ഓഫീസർ.

---

മേലെഴുത്ത് നമ്പർ ഇ&റ്റി.ഡബ്ല്യു2/1246/07 തീ 19-6-2015
പകർപ്പ് (1) എല്ലാ പി.സി.സി.എഫ് / അഡി.പി.സി.സി.എഫ് / സിസിഎഫ് / സി.എഫ് / വൈൽഡ് ലൈഫ് വാർഡൻ / ഡിഎഫ്ഒ / റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്ക് അറിവിനായി അയക്കുന്നു.
(2) വെബ് സൈറ്റിൽ ഇടുന്നതിന്, FMIS വിഭാഗത്തിൽ നല്കുന്നു.
(3) സ്റ്റോക്ക് ഫയൽ

ഉത്തരവു.
അ.പി.സി.സി.എഫ്
(ഇ&റ്റി.ഡബ്ല്യു)

18/6/15
OM